# കാർഷികമേഖലയുടെ പുനരുജ്ജീവനം വൈഗയിലൂടെ സാധ്യമാകും: എ.സി. മൊയ്തീൻ

കാർഷികമേഖലയുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും വൈഗ തീർത്തും സഹായകരമാകുമെന്നും കാർഷികമേഖലയുടെ ഭാവി ഉത്പന്നസംസ്കരണത്തെ ആശ്രയിച്ചായിരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി എ.സി.മൊയ്തീൻ അഭിപ്രായപ്പെട്ടു. കാർഷികോത്പന്ന സംസ്കരണവും മൂല്യവർദ്ധനവും ആസ്പദമാക്കി സംസ്ഥാന കൃഷിവകുപ്പ് തൃശ്ശൂരിൽ സംഘടിപ്പിച്ച വൈഗ-കൃഷി ഉന്നതി മേളയുടെ സമാപന സമ്മേളനവും സംസ്ഥാനതല കർഷക അവാർഡ് വിതരണവും ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷിവകുപ്പ് മന്ത്രി വി.എസ് സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ രാജുവും പങ്കെടുക്കുകയുണ്ടി.

ഉത്പാദനം, സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ വേറിട്ടു നിൽക്കുന്ന ഘടകങ്ങളല്ല, മിറച്ച് പരസ്പരം പൂരകങ്ങളായി കാണേണ്ടവയാണ്. സുസ്ഥിരമായ കാർഷിക വളർച്ചയ്ക്ക് ഈ ഘടകങ്ങളുടെ സംയോജനം ആവശ്യമാണ് തൊഴിലുറപ്പ് പദ്ധതിയുമായി ഉൾപ്പെടുത്തി ധാരാളം സാധ്യതകളാണ് നിലവിലുള്ളതെന്നും എ.സി.മൊയ്തീൻ വ്യക്തമാക്കി.

മൃഗസംരക്ഷണ മേഖലയിലെ മൂല്യവർദ്ധന സാധ്യതകളെ വൈഗയിലൂടെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് ചടങ്ങിൽ പങ്കെടുത്ത മന്ത്രി കെ.രാജു വ്യക്തമാക്കി. സി-ഡിറ്റ് തയ്യാറാക്കിയ പുതിയ കൃഷിവകുപ്പ് വെബ് സൈറ്റിന്റെയും എൻ.ഐ.സി. തയ്യാറാക്കിയ സോഫ്റ്റ് വെയറുകളുടെയും ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനതല കാർഷിക അവാർഡുദാനം മാന്ത്രി, എം.പി, എം.എൽ.എമാർ എന്നിവർ ചേർന്ന് നിർവ്വഹിക്കുകയുണ്ടായി. മികച്ച ജൈവകാർഷിക നിയോജക മണ്ഡലത്തിനുവേണ്ടി എം.എൽ.എ ഇ.എസ്.ബിജിമോൾ, 15 ലക്ഷം രൂപയുടെ അവാർഡ് ഏറ്റുവാങ്ങി. 10 ലക്ഷം രൂപയുടെ രണ്ടാം സമ്മാനം ലഭിച്ചത് ഒല്ലൂർ മണ്ഡലത്തിനാണ്. കെ.രാജൻ എം.എൽ.എ അവാർഡ് ഏറ്റുവാങ്ങി. 5 ലക്ഷം രൂപയുടെ മൂന്നാം അവാർഡ് കിട്ടിയത് വൈപ്പിൻ നിയോജക മണ്ഡലത്തിനാണ്. മികച്ച മുൻസിപ്പാലിറ്റിക്കുള്ള അവാർഡുകൾ യഥാക്രമം ചിറ്റൂർ-തത്തമംഗലം, അരൂർ,

തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റികൾ കരസ്ഥമാക്കി. തൃശൂർ കോർപ്പറേൻ മികച്ച ജൈവ കോർപ്പറേഷനുള്ള അവാർഡ് നേടി.

ഏറ്റവും കൂടുതൽ സമയം തേനിച്ചകളെ മുഖത്ത് വച്ച് ഗിന്നസ്ബുക്കിൽ ഇടം നേടിയ നേച്ചറിന്റെ വെദിയിൽ വച്ച് ആദരിക്കുകയുണ്ടായി. ഷാർജയിൽ കാർഷിക മുന്നേറ്റത്തിന് മികച്ച പ്രവർത്തനം നടത്തിയ പ്രവാസി മലയാളി സുധീഷ് ഗുരുവായൂരിനെയും വേദിയിൽ ആദരിക്കുകയുണ്ടായി. മികച്ച ഹ്രസ്വ ചിത്രത്തിന് ബ്രോൻസ്ബിവർ പുരസ്ക്കാരം കരസ്ഥമാക്കിയ ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ജി.എസ്. ഉണ്ണികൃഷ്ണൻ നായരെ മന്ത്രി വേദിയിൽ ആദരിച്ചു.

ചടങ്ങിൽ തൃശൂർ കോർപ്പറേഷൻ മേയർ അജിതാ വിജയൻ, ആലത്തൂർ എം.പി പി.കെ ബിജു, എം.എൽ.എ മാരായ കെ.രാജൻ (ഒല്ലൂർ), കെ.വി അബ്ദുൽ ഖാദർ (ഗുരുവായൂർ), മുരളി പെരുന്നെല്ലി (മണലൂർ), വി.ആർ. സുനിൽകുമാർ (കൊടുങ്ങല്ലൂർ), ഇ.എസ്. ബിജിമോൾ (പീരുമേട്), നാളികേര വികസന ബോർഡ് മെമ്പർ പി.ആർ.മുരളീധരൻ, കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ്. എബി. മോഹനൻ, തൃശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.ജെ ഉദയ പ്രകാശ്, തൃശൂർ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ജെന്നി ജോസഫ്, തൃശൂർ കോർപ്പറേഷൻ പ്രതപക്ഷ നേതാവ് അഡ്വ.എം.കെ മുകുന്ദൻ, തൃശൂർ കോർപ്പറേഷൻ കൗൺസിലർ എം.എസ് സമ്പൂർണ്ണ എന്നിവർ പങ്കെടുത്തു.

ചടങ്ങിൽ തൃശൂർ ജില്ലാ പഞ്ചായ്ത്ത് പ്രസിഡന്റ് മേരി തോമസ് സ്വാഗതവും കാർഷിക വികസന കർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഡോ.പി.കെ ജയശ്രീ. ഐ.എ.എസ്. നന്ദിയും രേഖപ്പെടുത്തി

പ്രിൻസിപ്പൻ ഇൻഫർമേഷൻ ഓഫീസർ